# ഒന്നുമൊന്നും രണ്ട്

ടി. എ റശീദ്

**പാമ്പിന്നു** പല്ലും പനയ്ക്കാരും
ഒന്നാംവേരുമടിവേരും.
കുറവന്നു പാമ്പാണരിക്കാര്യം
കീരിക്കതെന്നും കറിക്കാര്യം.
കുറവനുറങ്ങുന്നു,
തൊണ്ണൻ പമ്പാ മടിക്കിഴി കാക്കുന്നു;
കീരിയ്ക്കു പൊന്നോണം.
കുറവനെന്നാളും പെരുന്നാളും!
ചൊല്ലാം;
കഥയിതു കണ്ണാടി.
*    *    *    *

പകലിളം തൂവലും ചിക്കിച്ചുരുക്കി
കതിരണിപ്പാടം കടന്നെന്നുകണ്ട്,
കുറവൻ കളം വിട്ടു, പകലന്തി മുക്കിൽ
അരുമ ക്കിഴി ക്കുറ്റ കൂടയും വെച്ച്,
പഴയോരിരുട്ടും പതിവും പിണച്ച്
ബധിരം കഥാസാരമോരാതുറങ്ങി.

ഇരുളിന്നൊടപൊളിയമ്പലം കാക്കും
മൃതതാരതൻ വിരല്ക്കൊടിയും പിടിച്ച്,
കരിവിണ്ണു നീർത്തും കുടക്കീഴിലാരോ,
പുകനിറം, ചോരത്തുടമിഴി; ചോരും
പൊരുളിന്നു കുമ്പിളും നീട്ടിനി ന്നേതോ
മൃതി ഗന്ധമേറ്റകം കാഞ്ഞിളം കാറ്റാ–
കറിവെന്ത ചൂരും പിടിച്ചു ചെന്നാറെ
'തണു' മാറ്റുവാനിറ്റു തീയില്ലടുപ്പിൽ!

പിറ്റേന്നെണീറ്റതും കുത്തും കുനിപ്പും
ചിക്കിച്ചിനക്കി തുടങ്ങീ വെളിച്ചം.
വിതച്ചും മെതിച്ചും പഠിയ്ക്കാത്ത പാവം
കിളിക്കൊന്നു മങ്ങോടിയില്ലെന്നു വന്നാ–
ണൊടുക്കം––തനിച്ചാ വഴിയ്ക്കൊന്നുമെന്നും
രണ്ടെന്നപോലെ പഴക്കം ചൊറിഞ്ഞാ–
രിരിപ്പൂ–ധരിച്ചാ 'പണിപ്പണ്ട' മാർക്കോ
തിടുക്കം പെരുത്തു, കൊടുത്തായിരിക്കാം.

നാത്തുമ്പിലീച്ചക്കിടം; നാലുപാടും
ഞാത്തുന്നു വങ്കൻ പഴഞ്ചത്തമിന്നീ
വെളിച്ചത്തുവെച്ചും; പഴങ്കാശു കിട്ടും
പൊറുക്കൂ––കളിമ്പം വിടാത്തോരൊഴിഞ്ഞു.

ഉടവാളുപോയതും മരവാളതിന്നെ–
ന്തുറ, വാളുപോലണിഞ്ഞരുളേണമെന്നാം
കുറവന്ന്; പിന്നെപ്പടിഞ്ഞാട്ടുനോക്കി–
പ്പൊറുത്താലിടക്കും തലക്കും ചവയ്ക്കാം.

●